# കേരള സർക്കാർ
## ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്
### ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ

## പത്രക്കുറിപ്പ്
**2020 ജനുവരി 20 തിങ്കൾ**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

**www.prd.kerala.gov.in.**
**videos: http://www.clipmail.kerala.gov.in**
**email: diothrissur@gmail.com**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

**ജില്ലാതല കുടുംബസംഗമം 23 ന്**

## ലൈഫ് മിഷൻ: ജില്ലയിൽ പൂർത്തിയാക്കിയത് 14687 വീടുകൾ

സംസ്ഥാന സർക്കാരിന്റെ ലൈഫ് മിഷൻ സമ്പൂർണ്ണ പാർപ്പിട പദ്ധതിയിലൂടെ ജില്ലയിൽ പൂർത്തിയാക്കിയത് 14687 വീടുകളുടെ നിർമ്മാണം. മിഷന്റെ രണ്ടു ഘട്ടങ്ങൾ പൂർത്തിയാക്കുമ്പോ ഴാണ് ഈ നേട്ടം. വീടുകൾ ലഭിച്ച ഗുണഭോക്താക്കുടെ ജില്ലാതല സംഗമവും ഭവന നിർമ്മാണ പൂർത്തീകരണ പ്രഖ്യാപനവും ജനുവരി 23 ന് ഉച്ചയ്ക്ക് 1.30 ന് തൃശൂർ ഇൻഡോർ സ്റ്റേഡിയത്തിൽ നടക്കുമെന്ന് ജില്ലാ കളക്ടർ എസ് ഷാനവാസ് വാർത്ത സമ്മേളനത്തിൽ അറിയിച്ചു.

ലൈഫ് മിഷന്റെ രണ്ടു ഘട്ടങ്ങളിലായി വീടു നിർമ്മാണത്തിന് കരാർ ഒപ്പുവച്ചത് 17251 ഗുണ ഭോക്താക്കളാണ്. ഇതിൽ 2564 വീടുകൾ മാത്രമാണ് ഇനി നിർമ്മാണം പൂർത്തിയാക്കാനുള്ളത്. സർക്കാർ ധനസഹായം ലഭിച്ചിട്ടും പലകാരണങ്ങളാൽ പൂർത്തിയാക്കാൻ കഴിയാതിരുന്ന വീടുക ളുടെ നിർമ്മാണമാണ് മിഷന്റെ ഒന്നാം ഘട്ടത്തിൽ ഏറ്റെടുത്തത്. ഇതിൽ ജില്ലാ പഞ്ചായത്ത് പട്ടിക ജാതിക്കാർക്കായുള്ള 179 വീടുകളും തൃശൂർ കോർപ്പറേഷൻ 314 വീടുകളും ഏഴ് നഗരസഭകൾ 341 വീടുകളും 16 ബ്ലോക്ക് പഞ്ചായത്തുകൾ 1331 വീടുകളും 75 ഗ്രാമപഞ്ചായത്തുകളിലായി 353 വീടു കളും നിർമ്മിച്ചു. പട്ടികജാതി വകുപ്പ് 305 വീടുകളും പട്ടികവർഗ്ഗ വകുപ്പ് 118 വീടുകളും ഫിഷറീസ് വകുപ്പ് 10 വീടുകളും ന്യൂനപക്ഷ വകുപ്പ് 3 വീടുകളും പൂർത്തിയാക്കി. ഒന്നാം ഘട്ടത്തിൽ ജില്ല യിലെ തദ്ദേശസ്ഥാപനങ്ങളെല്ലാം ചേർന്ന് പൂർത്തിയാക്കിത് 2953 വീടുകളുടെ നിർമ്മാണമാണ്. ഒന്നാം ഘട്ടത്തിൽ സംസ്ഥാനത്ത് ഏറ്റവുമധികം വീടുകൾ നിർമ്മിച്ച ജില്ലാ പഞ്ചായത്ത് എന്ന നേട്ടവും തൃശൂരിനാണ്.

ലൈഫ് മിഷൻ രണ്ടാം ഘട്ടത്തിൽ 3669 വീടുകളുടെ നിർമ്മാണം പൂർത്തിയാക്കി. 1034 ഗുണ ഭോക്താക്കളുടെ വീടുകളുടെ നിർമ്മാണം പുരോഗമിക്കുന്നു. അവണൂർ, ചാഴൂർ, കണ്ടാണശ്ശേരി, കൊരട്ടി, നെൻമണിക്കര, പാവറട്ടി, പൊയ്യ, തോളൂർ എന്നീ പഞ്ചായത്തുകൾ ലക്ഷ്യമിട്ട മുഴുവൻ വീടുകളുടെയും നിർമ്മാണം പൂർത്തിയാക്കി. കോർപ്പറേഷനിലും 7 നഗരസഭകളിലുമായി പിഎം എവൈ (നഗരം) പദ്ധതി പ്രകാരം 6575 വീടുകളും പിഎംഎവൈ (ഗ്രാമം) പദ്ധതി പ്രകാരം 1490 വീടുകളും നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്.

ലൈഫ് മിഷന്റെ 3-ാം ഘട്ടത്തിൽ 10964 ഗുണഭോക്താക്കൾക്കുള്ള ഫ്ളാറ്റുകളുടെയും ക്ലസ്റ്റർ ഭവനങ്ങളുടെയും നിർമ്മാണമാണ് ഏറ്റെടുക്കുക. ഇതിനായി 49 ഏക്കർ ഭൂമി കണ്ടെത്തിക്കഴിഞ്ഞു. വടക്കാഞ്ചേരി ചരൽപ്പറമ്പിലെ ഫ്ളാറ്റ് സമുച്ചയനിർമ്മാണം അവസാന ഘട്ടത്തിലാണ്.

വീടുകൾ ലഭിച്ച ഗുണഭോക്താക്കളുടെ ജില്ലാ സംഗമം തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി എ സി മൊയ്തീൻ ഉദ്ഘാടനം ചെയ്യും. കൃഷി മന്ത്രി വി എസ് സുനിൽകുമാർ അദ്ധ്യക്ഷനാകും. പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി പ്രൊഫ. സി രവീന്ദ്രനാഥ്, ഗവ. ചീഫ് വിപ്പ് കെ രാജൻ, എംപി മാർ, എംഎൽഎമാർ, തദ്ദേശസ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ എന്നിവർ പങ്കെടുക്കും.

വാർത്താസമ്മേളനത്തിൽ ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡണ്ട് എൻ കെ ഉദയപ്രകാശ്, ജില്ലാ ഇൻഫർമേഷൻ ഓഫീസർ ബി സേതുരാജ്, ജില്ലാ പഞ്ചായത്ത് സെക്രട്ടറി കെ ജി തിലകൻ, ജില്ലാ ലൈഫ് മിഷൻ കോ-ഓർഡിനേറ്റർ ലിൻസ് ഡേവീസ് എന്നിവർ പങ്കെടുത്തു.

***ഫോട്ടോ അടിക്കുറിപ്പ്: ലൈഫ് മിഷൻ ജില്ലാതല കുടുംബസംഗമവുമായി ബന്ധപ്പെട്ട നടത്തിയ വാർത്താസമ്മേളനത്തിൽ ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡണ്ട് എൻ കെ ഉദയപ്രകാശ് സംസാരിക്കുന്നു***

# സാമൂഹ്യമാറ്റങ്ങളെപറ്റി മുന്നറിയിപ്പ് നൽകാൻ സാഹിത്യമേഖലയ്ക്ക് കഴിയണം മന്ത്രി എ കെ ബാലൻ

നമ്മുടെ സ്വാതന്ത്ര്യം പോലും ചോദ്യം ചെയ്യപ്പെടുന്ന വിധം വലിയ ആശങ്കകൾ ഉയരുന്ന കാലത്ത് അതേക്കുറിച്ച് ജനങ്ങൾ മുന്നറിയിപ്പ് നൽകാൻ സാഹിത്യകാരന്മാർക്കും സാഹിത്യമേഖലയ്ക്കും കഴിയേണ്ടതുണ്ടെന്ന് സാംസ്കാരിക വകുപ്പ് മന്ത്രി എ കെ ബാലൻ പറഞ്ഞു. ഇതിനർത്ഥം ഏതെങ്കിലും കക്ഷികളുമായി ചേർന്ന് മുദ്രവാക്യം വിളിക്കുകയെല്ലന്നും അദ്ദേഹം സൂചിപ്പിച്ചു. തൃശൂരിൽ കേരള സാഹിത്യ അക്കാദമിയുടെ 63-ാം വാർഷികാഘോഷവും പുരസ്ക്കാര സമർപ്പണവും ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി എ കെ ബാലൻ.

ഒരു കാലത്ത് ബ്രിട്ടീഷ് വിരുദ്ധ സമരങ്ങൾക്ക് ജീവൻ നൽകുന്നതിൽ അക്കാലത്തെ സാഹിത്യ സൃഷ്ടികൾ വഹിച്ച പങ്ക് വളരെ വലുതാണ്. ജനതയുടെ ദേശാഭിമാനബോധത്തെ തൊട്ടുണർത്താൻ അന്നത്തെ വിഭാഗത്തെ ഉൾക്കൊളളാൻ കഴിയുന്ന മേഖലയാണിത്. ആപത്തുണ്ട് എന്നത് മുന്നറിയിപ്പായി നൽകാൻ സാഹിത്യരംഗത്തിന് കഴിയണം. ജന്മസിദ്ധമായ കഴിവുളളവരാണ് എഴുത്തുകാർ. അത്തരം കഴിവുളളവർ മൗനം പാലിക്കരുത്. പ്രതികരിക്കണം. പ്രതികരണശേഷിയില്ലെങ്കിൽ നശിക്കുന്നത് നമ്മുടെ നാടായായിരിക്കും. മന്ത്രി എ കെ ബാലൻ പറഞ്ഞു.

സാംസ്കാരിക വകുപ്പിന്റെ കീഴിൽ നിർമ്മിക്കുന്ന കൾച്ചറൽ കോംപ്ലക്സുകളുടെ ലക്ഷ്യം സാംസ്കാരികമായ പ്രതിരോധമാണ്. കോംപ്ലക്സുകളുടെ പണി പലയിടങ്ങളിലായി തുടങ്ങിക്കഴിഞ്ഞു. കൃഷിയേയും സംസ്കാരത്തേയും ബന്ധിപ്പിക്കുന്ന കാർഷിക പരിപാടികൾ, മില്ലറ്റ് വില്ലേജ്, ഗദ്ദിക തുടങ്ങിയ പദ്ധതികൾ സാംസ്കാരികമായ ഇടപെടലുകളുടെ സൂചകങ്ങളാണ്. മന്ത്രി എ കെ ബാലൻ പറഞ്ഞു. കൃഷി വകുപ്പ് മന്ത്രി അഡ്വ. വി എസ് സുനിൽകുമാർ മുഖ്യാതിഥിയായി. കേരള സാഹിത്യ അക്കാദമി വിശിഷ്ടാംഗങ്ങളായി തെരഞ്ഞെടുക്കപ്പെട്ട എഴുത്തുകാരായ എം മുകുന്ദൻ, കെ ജി ശങ്കരപ്പിളള, സമഗ്രസംഭാവന പുരസ്ക്കാരം നേടിയ സ്കറിയ സക്കറിയ, ഒ എം അനുജൻ, നളനി ബേക്കൽ, എസ് രാജശേഖരൻ, രാജൻ ബാബു എന്നിവരെ മന്ത്രി എ കെ ബാലൻ പുരസ്ക്കാരങ്ങൾ നൽകി ആദരിച്ചു.

സാഹിത്യ അക്കാദമി പ്രസിഡണ്ട് വൈശാഖൻ അദ്ധ്യക്ഷത വഹിച്ചു. അക്കാദമി നിർവാഹക സമിതി അംഗം ഇ പി രാജഗോപാലൻ വിശിഷ്ടാംഗങ്ങളേയും അക്കാദമി അംഗം ഡോ. മ്യൂസ് മേരി ജോർജ്ജ് സമഗ്ര സംഭാവനാ പുരസ്ക്കാര ജേതാക്കളേയും പരിചയപ്പെടുത്തി. തുടർന്ന് പുരസ്ക്കാര ജേതാക്കൾ സംസാരിച്ചു. അക്കാദമി സെക്രട്ടറി ഡോ. കെ പി മോഹനൻ സ്വാഗതവും അക്കാദമി അംഗം ടി പി വേണുഗോപാൽ നന്ദിയും പറഞ്ഞു.

തുടർന്ന് എഴുത്തും തുല്യനീതിയും എന്ന വിഷയത്തിൽ സെമിനാർ നടന്നു. എം മുകുന്ദൻ ഉദ്ഘാടനം ചെയ്തു. കെ ജി ശങ്കരപ്പിളള അദ്ധ്യക്ഷത വഹിച്ചു. സാറാ ജോസഫ്, കെഇഎൻ എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. സാഹിത്യ അക്കാദമി സെക്രട്ടറി ഡോ. കെ പി മോഹനൻ സ്വാഗതവും അക്കാദമി പബ്ലിക്കേഷൻസ് ഓഫീസർ ഈ ഡി ഡേവീസ് നന്ദിയും പറഞ്ഞു.

***ഫോട്ടോ അടിക്കുറിപ്പ്: കേരള സാഹിത്യ അക്കാദമിയുടെ 63-ാം വാർഷികാഘോഷവും പുരസ്ക്കാര സമർപ്പണവും ഉദ്ഘാടനം ചെയ്യുന്ന മന്ത്രി എ കെ ബാലൻ***

# തൃശൂർ നഗരം മുഖം മിനുക്കുന്നു; പാർക്കിങ്ങിനായി മാസ്റ്റർ പ്ലാൻ

വാഹനപ്പെരുപ്പവും സ്ഥലദൗർലഭ്യവും മൂലം ഉഴറുന്ന തൃശൂർ നഗരത്തിന് ഇനി പുതിയ മുഖം. നഗരഗതാഗതമേഖലയിലെ ഏറ്റവും വലിയ പ്രശ്നമായ പാർക്കിങ് പരിഹരിക്കാൻ കോർപ്പറേഷനും നഗരഗ്രാമാസൂത്രണ വകുപ്പും ചേർന്ന് മാസ്റ്റർ പ്ലാൻ തയ്യാറാക്കി. മാസ്റ്റർ പ്ലാൻ

പ്രകാരം ശക്തൻ ബസ് സ്റ്റാന്റ്, അശ്വിനി ഹോസ്പിറ്റൽ ജംഗ്ഷൻ എന്നിവിടങ്ങളിൽ പാർക്കിങ് സൗകര്യങ്ങൾ ഏർപ്പെടുത്തും. നഗരത്തിന്റെ തെക്ക്-പടിഞ്ഞാറ് മേഖലയിൽ വാണിജ്യപരമായ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുന്ന രീതിയിലാണ് പ്ലാൻ. മൾട്ടിലെവൽ കാർ പാർക്കിങ് പ്രൊജക്റ്റുകളുടെ വികസനമാണ് ഇതോടെ സാധ്യമാകുക.

പുഴയ്ക്കൽ,മണ്ണുത്തി, ഒല്ലൂർ എന്നിവിടങ്ങളിൽ വിഭാവനം ചെയ്തിട്ടുള്ള ടെർമിനലുകളോട് ചേർന്ന് പാർക്കിങ് ഒരുക്കി നഗരകേന്ദ്രങ്ങളെ തമ്മിൽ ബന്ധിപ്പിച്ച് സിറ്റി ബസ് സർവ്വീസ് സാധ്യമാക്കും. ശക്തൻ സ്റ്റാന്റിനോട് ചേർന്ന് പാർക്കിങ് പ്ലാസ, ഷോപ്പിങ് മാൾ, കൺവെൻഷൻ സെന്റർ, മുനിസിപ്പൽ ഓഫീസ് കോംപ്ലക്സ് എന്നിവ നിർമ്മിക്കും. ഷെയേർഡ് പാർക്കിങ്ങിലൂടെ പാർക്കിങ് സ്പേസുകളുടെ ഉപയോഗം വർദ്ധിപ്പിക്കാൻ സാധിക്കും. ജോലി സ്ഥലങ്ങൾക്കടുത്ത് പാർക്ക് ചെയ്യുന്നതിന് നികുതി ഏർപ്പെടുത്തുന്നതോടെ നഗരത്തിനുള്ളിലേക്ക് പ്രവേശിക്കുന്ന വാഹനങ്ങളുടെ എണ്ണം കുറയുമെന്നാണ് പ്രതീക്ഷ. പൊതുഗതാഗതം ഉപയോഗിക്കുന്നതിന് സബ്സിഡിയുള്ള പാസുകൾ ഏർപ്പെടുത്തും. വാണിജ്യമേഖല കുറഞ്ഞ ഇടങ്ങളിൽ വാലറ്റ് പാർക്കിങ്ങും നടപ്പാക്കും.

സോഷ്യൽ മീഡിയ, ഏജൻസികൾ എന്നിവ വഴി വാഹനങ്ങൾ ഷെയർ ചെയ്യുന്നതിനുള്ള ക്രമീകരണങ്ങൾ കാർ പൂളിങ് വഴി നടപ്പാക്കും. ഓൺലൈൻ, ഹോം ഡെലിവറി ഷോപ്പിങ് പ്രോത്സാഹിപ്പിക്കുന്നതു വഴി സ്വകാര്യവാഹനങ്ങളുടെ എണ്ണം കുറയ്ക്കാനും സാധിക്കും. പാർക്കിങ് മീറ്റർ, സെൻസർ, ഈസി പേയ്മെന്റ് മോഡ് എന്നിവ സ്ഥാപിക്കുന്നതോടെ പാർക്കിങ് ഫീ അനായാസമാക്കും. നൂതന ടെക്നോളജികൾ പാർക്കിങ് സ്ഥലങ്ങളുടെ സജ്ജീകരണത്തിൽ ഉൾപ്പെടുത്തുന്നതിന് പാർക്കിങ് കോൺട്രാക്റ്റുകളില നിബന്ധനകൾ ഏർപ്പാടാക്കും. ഇലക്ട്രിക് വാഹനങ്ങൾക്കായി ചാർജിംഗ് സൗകര്യങ്ങളും ഒരുക്കും.

നഗരത്തിന്റെ തെക്ക്-കിഴക്ക് ഭാഗത്തായി സ്ഥിതി ചെയ്യുന്ന എം.ഒ റോഡ്, പി.ഒ റോഡ്, ഹൈറോഡ്, അരിയങ്ങാടി എന്നിവയോട് ചേർന്ന് കിടക്കുന്ന പഴയ പ്രദേശത്തെ പഴയകാല പ്രൗഢിയിലേക്ക് തിരിച്ചുകൊണ്ടുവരാനുള്ള പദ്ധതികൾ രൂപീകരിക്കും. ഇവിടേക്കുള്ള ചരക്ക് നീക്കത്തിന് ചെറുവാഹനങ്ങൾ നിശ്ചിത സമയങ്ങളിൽ മാത്രം അനുവദിക്കുന്നതോടെ തിരക്ക് നിയന്ത്രിക്കാൻ സാധിക്കും. ആശുപത്രികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, പൈതൃകകേന്ദ്രങ്ങൾ എന്നിവിടങ്ങളിലേക്ക് അനുയോജ്യമായ രീതിയിൽ പാർക്കിങ് സംവിധാനം ഉറപ്പു വരുത്തും. കൃത്യമായ രീതിയിൽ റോഡരികിൽ പാർക്കിങ് മാനേജ്മെന്റ് ഏർപ്പെടുത്തുന്നതോടെ ജംഗ്ഷൻ, സീബ്രാ ലൈൻ, ബസ് സ്റ്റോപ്പ്, ഫയർ സ്റ്റേഷൻ, ആശുപത്രി, ഭിന്നശേഷിക്കാർക്കായി ലഭ്യമാക്കിയ പാർക്കിങ് ഇടങ്ങൾ എന്നിവടങ്ങളിൽ നിശ്ചിത ദൂരം അകലമിട്ട് പാർക്കിങ് അനുവദിക്കും. സമയക്രമീകരണത്തിലൂടെ ചരക്ക് വാഹനങ്ങളുടെ പാർക്കിങ് മൂലമുള്ള തിരക്ക് എം.ഒ റോഡ്, ഹൈറോഡ് എന്നിവിടങ്ങളിൽ നിയന്ത്രിതമാകും. ഒല്ലൂക്കര, പുഴയ്ക്കൽ, ഒല്ലൂർ റെയിൽവേ സ്റ്റേഷൻ എന്നിവിടങ്ങളിൽ ട്രക്ക് ടെർമിനലുകൾ നിർദ്ദേശിച്ചിരിക്കുന്നു.

മാസ്റ്റർ പ്ലാനിൽ നിർദ്ദേശിച്ചിട്ടുള്ള ഔട്ടർ റിംഗ് റോഡ്, പുഴയ്ക്കൽ, മണ്ണുത്തി, ഒല്ലൂർ, കൂർക്കഞ്ചേരി എന്നിവയെ ബന്ധിപ്പിച്ചുള്ള റേഡിയൽ റോഡ് എന്നിവ ഉപയോഗിച്ചു കൊണ്ട് ഈ കേന്ദ്രങ്ങളെയും നഗരകേന്ദ്രങ്ങളെയും തമ്മിൽ ബന്ധിപ്പിക്കുന്ന ബസ് റാപിഡ് ട്രാൻസിറ്റ് സിസ്റ്റം വികസിപ്പിക്കാം. നഗരപ്രാന്ത സ്ഥലങ്ങളെ കൂട്ടിയിണക്കിയുള്ള ലാന്റ് പൂളിങ് പ്രൊജക്റ്റ് വിഭാവനം ചെയ്യും. കൂടാതെ പ്രാന്തപ്രദേശങ്ങളിലേക്ക് ഷട്ടിൽ സർവീസുകൾ, പാർക്കിങ് നയം, പൊതുഗതാഗത സംവിധാനം, കാർ ഫ്രീ ഡെ, വെഹിക്കിൾ ഫ്രീ സോൺ എന്നിവയെ കുറിച്ച് ബോധവത്കരണ പരിപാടികൾ, പൊതുഅഭിപ്രായജനസർവ്വേ എന്നിവ നടത്തും. പാർക്കിങ് മാനേജ്മെന്റ് കമ്മറ്റി രൂപീകരിച്ച് പാർക്കിങ് നയത്തിന്റെ നടത്തിപ്പിന്റെ ചുമതലയേൽപ്പിക്കുക, പൊതുപരിപാടികൾക്കാവശ്യമായ അഡീഷണൽ പാർക്കിങ്ങിനായ ലഭ്യമായ സ്ഥലങ്ങളെ ഉപയോഗിച്ചുള്ള ഓവർ ഫ്ളോ പാർക്കിങ് പ്ലാൻ വികസിപ്പിക്കുക എന്നിവയും മാസ്റ്റർ പ്ലാനിൽ വിഭാവനം ചെയ്തിട്ടുണ്ട്.

കേരളത്തിലെ മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങൾക്കായി പാർക്കിങ്ങ് നയം രൂപീകരിക്കണമെന്ന മുഖ്യമന്ത്രി പിണറായി വിജയന്റെ അധ്യക്ഷതയിൽ ചേർന്ന പ്ലാൻ റിവ്യൂ മീറ്റിംഗിന്റെ അടിസ്ഥാനത്തിലാണ് തൃശൂരിലെ മാസ്റ്റർപ്ലാൻ. നഗരത്തിലെ പാർക്കിങ്ങ് പ്രശ്നങ്ങളെ സംബന്ധിച്ചും പാർക്കിങ് സർവ്വേകളിലൂടെ വിവരശേഖരണം നടത്തി നഗരത്തിന് അനുയോജ്യമായ നയം രൂപീകരിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. പ്രാരംഭ സർവ്വേ നടത്തി തെരഞ്ഞെടുത്ത 16 പ്രധാന കേന്ദ്രങ്ങളിലെ പാർക്കിങ് ആവശ്യകതയും ലഭ്യതയും, കെട്ടിടങ്ങളിലെ

പാർക്കിങ് ഉപയോഗത്തിന്റെ തോത്, ചോദ്യോത്തര സർവ്വേ എന്നീ പഠനങ്ങൾ പൂർത്തിയാക്കിയും ചർച്ച നടത്തിയുമാണ് കരട പാർക്കിങ് നയത്തിന്റെ രൂപീകരണം.

നഗരത്തിലെ പ്രധാന കേന്ദ്രങ്ങളെ വാണിജ്യപരമായും സഞ്ചാരപരമായും സ്ഥാപനപരവും വാണിജ്യപരവുമായും പ്രാമുഖ്യമുള്ളത് എന്നിങ്ങനെ തരം തിരിച്ചാണ് പ്ലാൻ തയ്യാറാക്കിയത്. നഗരത്തിലെ സ്ഥലലഭ്യത കുറവായതിനാൽ ട്രാഫിക് മാനേജ്മെന്റ് സങ്കേതങ്ങൾക്കാണ് ഊന്നൽ. നഗരത്തെ മൂന്നു സോണുകളായി തിരിച്ചാണ് പാർക്കിങ് മാനേജ്മെന്റ് നടപ്പാക്കുക. ലഭ്യമായ പൊതുസ്വകാര്യസ്ഥലങ്ങളുടെ കാര്യക്ഷമമായ ഉപയോഗം, സ്വകാര്യവാഹനങ്ങളുടെ ഉപയോഗം നിയന്ത്രിക്കുന്നതിനായുള്ള ട്രാഫിക് മാനേജ്മെന്റ് നയങ്ങൾ, സുസ്ഥിരമായ ഗതാഗത രീതികൾക്ക് മുൻഗണന, പഴയകാല നഗരപ്രദേശത്തെ പാർക്കിങ് മാനേജ്മെന്റ് നയങ്ങൾ, സാങ്കേതികമായ പാർക്കിങ് സമ്പ്രദായങ്ങൾ, നഗരസഞ്ചയത്തിനായുള്ള കാര്യക്ഷമമായ ഭൂവിനിയോഗം വിഭാവനം ചെയ്യുക, പാർക്കിങ് സ്ഥലങ്ങളുടെ ഡിസൈനും മാനേജ്മെന്റും എന്നിവയിലൂന്നിയാണ് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്.

ജില്ലാ ആസൂത്രണ ഭവൻ ഹാളിൽ ചേർന്ന തൃശൂർ നഗരത്തിനായുള്ള പാർക്കിങ്ങ് നയം കരട് അവതരണം സംസ്ഥാന കൃഷിമന്ത്രി അഡ്വ. വി എസ് സുനിൽകുമാർ ഉദ്ഘാടനം ചെയ്തു. കോർപറേഷൻ മേയർ അജിത വിജയൻ അദ്ധ്യക്ഷത വഹിച്ചു. ഡെപ്യൂട്ടി ടൗൺ പ്ലാനർ ജീവ ലിസ സേവ്യർ പദ്ധതി അവതരിപ്പിച്ചു. കോർപറേഷൻ ഡെപ്യൂട്ടി മേയർ റാഫി പി ജോസ്, ക്ഷേമകാര്യ സ്റ്റാന്റിങ് കമ്മിറ്റി ചെയർമാൻ ജോൺ ഡാനിയേൽ, നഗരാസൂത്രണ സ്റ്റാന്റിങ് കമ്മറ്റി ചെയർപേഴ്സൺ സി പി ഗീത, സിവിൽ സ്റ്റേഷൻ ഡിവിഷൻ കൗൺസിലർ എ പ്രസാദ്, ഡിപിസി അംഗം വർഗീസ് കണ്ടംകുളത്തി, ടൗൺ പ്ലാനിങ് ഓഫീസർ രാജീവൻ, വിവിധ വകുപ്പുദ്യോഗസ്ഥർ, കോർപറേഷൻ ഉദ്യോഗസ്ഥർ, ബസ് ഓപറേറ്റേഴ്സ്, വ്യാപാരി വ്യവസായി എന്നിവരുടെ പ്രതിനിധികൾ എന്നിവർ പങ്കെടുത്തു.

## ഫാത്തിമയ്ക്ക് ഇനി ചോരാത്ത 'കൂര'

ഇഴജന്തുക്കളുടെ ശല്യമില്ലാത്ത കെട്ടുറപ്പുള്ള, ചെറുതെങ്കിലും മനോഹരമായ വീട്ടിലിരുന്ന് ഫാത്തിമയും സാബിറയും ആശ്വാസത്തോടെ പുഞ്ചിരിച്ചു. പുഞ്ചിരിക്കൊപ്പം വിളമ്പിയ ജീവിതകഥയിൽ പേടിപ്പെടുത്തുന്ന മഴക്കാലത്തോടൊപ്പം സംസ്ഥാന സർക്കാറിനോടുള്ള നന്ദിയും സ്നേഹവും അവർ ചേർത്തു വെച്ചു. ഓല മേഞ്ഞ പ്ലാസ്റ്റിക് ഷീറ്റ് കൊണ്ട് വലിച്ചു കെട്ടിയ ഒരു കുടിലിൽ നിന്ന് ലൈഫ് പദ്ധതി നൽകിയ പുതിയ 'ലൈഫി'നെ കുറിച്ച് അവർ വാതോരാതെ സംസാരിച്ചു.

43 വർഷമായി മതിലകം ബ്ലോക്ക് പഞ്ചായത്തിലെ താമസക്കാരായ പാണപ്പറമ്പത്ത് ഫാത്തിമയ്ക്കും ഭർത്താവ് അഷ്റഫിനും മഴക്കാലം ഭീതിപ്പെടുത്തുന്ന ഓർമകളാണ് സമ്മാനിച്ചത്. മഴ പെയ്താൽ ചോർന്നൊലിക്കുന്ന വീട്. പോരാത്തതിന് വീടിനുള്ളിലേയ്ക്ക് കയറി വരുന്ന മറ്റ് ഇഴജന്തുക്കളും. ഒരു മകൻ ജനിച്ചപ്പോൾ ഇഴജന്തുക്കളിൽ നിന്ന് കുഞ്ഞിനെ നോക്കാൻ ഏറെ വിഷമിച്ചു. ഓരോ രാത്രിയും പകലും ഭീതിയോടെ കടന്നു പോയി. ദിവസങ്ങളോളം നീണ്ടു നിൽക്കുമായിരുന്ന മഴക്കാല വറുതിയിൽ അഷ്റഫിന് കൂലിപ്പണിക്ക് പോകാനാവാതെ മിക്കവാറും ദിവസം പട്ടിണി. ഓരോ ഇടവപ്പാതിയും, കൊല്ലവർഷവും വീട്ടിനുള്ളിലേക്ക് തുള്ളിക്കൊരുകുടം കണക്കിന് വെള്ളം കോരിയൊഴിച്ചു കൊണ്ട് കടന്നുപോയപ്പോൾ, മകന്റെ സ്കൂൾ പുസ്തകങ്ങൾ മഴയത്ത് നനയാതിരിക്കാൻ പ്ലാസ്റ്റിക് ചാക്കിൽ കെട്ടി സൂക്ഷിക്കേണ്ടി വന്നു. പഴയ സാരിത്തുമ്പ് വലിച്ചു കെട്ടിയ ജനാല, വൈദ്യുതി എത്തി നോക്കാത്തതിനാൽ മുനിഞ്ഞു കത്തുന്ന മണ്ണെണ്ണവിളക്ക്. മരുമകളായി സാബിറ എത്തിയപ്പോഴും സ്ഥിതി വ്യത്യസ്തമല്ല. കരണ്ടും വെളിച്ചവുമില്ല. മകനെ നോക്കിയ പോലെ ഇഴജന്തുക്കളിൽ നിന്ന് പേരക്കുട്ടിയെ കൂടി പൊതിഞ്ഞു സംരക്ഷിക്കേണ്ട അവസ്ഥ.

ഓലപ്പുരകൾ തീണ്ടാപ്പാടകലെ ആയിട്ടും സുരക്ഷിതമായ ഒരു വീട് എന്ന സ്വപ്നം ഫാത്തിമയ്ക്ക് സ്വപ്നം തന്നെയായി. മേഞ്ഞ ഓലകൾ കിട്ടാൻ ബുദ്ധിമുട്ടായതോടെ ഒരു പ്ലാസ്റ്റിക് ഷീറ്റ് വെച്ച് വലിച്ചു കെട്ടി. അടച്ചുറപ്പുള്ള ഒരു വീട് നൽകുന്ന സുരക്ഷിതത്വം അന്നേ കൊതിച്ചതാണ്. വർഷങ്ങളായി അത് മനസ്സിൽ കൊണ്ട് നടക്കുകയായിരുന്നു. ഇതിനിടയിൽ നാല് തവണ വീട് വെക്കാനുള്ള സർക്കാർ പദ്ധതികൾക്കായി അപേക്ഷിച്ചെങ്കിലും പലവിധ കാരണങ്ങളാൽ അതൊന്നും ഫലം കണ്ടില്ല. അപ്പോഴാണ് ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് ആളുകളെത്തുന്നത്. ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തിയതോടെ കഥ മാറി. മൂന്ന് സെന്റിൽ

അടച്ചുറപ്പുള്ളതും മനോഹരവുമായൊരു വീട്. അടുക്കള, അറ്റാച്ച്ഡ് ബാത്റൂം, രണ്ട് മുറി, വരാന്ത, ഹാൾ. കരകൗശല വിദഗ്ധയായ സാബിറയുടെ കരവിരുത് കൂടി ചേർന്നപ്പോൾ വീടിന് നൂറഴക്.

ഒരു കാലഘട്ടത്തിന്റെ ഇല്ലായ്മയും വല്ലായ്മയുമാണ് ലൈഫ് പദ്ധതിയിലൂടെ സർക്കാർ നൽകിയതെന്ന് ഫാത്തിമയും സാബിറയും ഒരു പോലെ പറയുന്നു.

ഫാത്തിമയും സാബിറയും ഒരു ഉദാഹരണം മാത്രമാണ്. ഇത്തരത്തിൽ 896 വീടുകളാണ് ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി മതിലകം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ കെ അബീദലിയുടെ നേതൃത്വത്തിൽ നിർമ്മിച്ചു നൽകിയത്.

***ഫോട്ടോ അടിക്കുറിപ്പ്: മതിലകം ബ്ലോക്ക് പഞ്ചായത്തിന്റെ നേതൃത്വത്തിൽ ലഭിച്ച വീടിനു മുമ്പിൽ ഫാത്തിമ***

# സ്പോർട്സ് സ്കൂൾ
# സെലക്ഷൻ ട്രയൽസ് 22 ന്

തിരുവനന്തപുരം വെള്ളായണി ശ്രീ അയ്യൻകാളി മെമ്മോറിയൽ മോഡൽ റസിഡൻഷ്യൽ സ്പോർട്സ് സ്കൂളിലേയ്ക്ക് 2020-21 അദ്ധ്യയന വർഷത്തേയ്ക്ക് പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് അഞ്ച്, എഴ്, പ്ലസ് വൺ ക്ലാസ്സുകളിലേയ്ക്കുള്ള പ്രവേശനത്തിന് സെലക്ഷൻ ട്രയൽസ് നടത്തുന്നു. ജനുവരി 22 രാവിലെ ഒൻപത് മണിക്ക് തൃശൂർ സെന്റ് തോമസ് കോളേജ് തോപ്പ് സ്റ്റേഡിയത്തിലാണ് സെലക്ഷൻ ട്രയൽസ്. താൽപര്യമുള്ളവർ ജാതി, പ്രായം തെളിയിക്കുന്ന സർട്ടിഫിക്കറ്റും ഫോട്ടോയും സ്ഥാപനമേധാവിയുടെ കത്ത് സഹിതം ഹാജാരാകണം. ഫോൺ: 0487 2360381.

# ആധുനിക സൗകര്യങ്ങളോടെ മുഖം മിനുക്കി
# ജില്ലാ ഹോമിയോ ആശുപത്രി

മെച്ചപ്പെട്ട സൗകര്യങ്ങളൊരുക്കി ജില്ലാ ഹോമിയോ ആശുപത്രി മുഖം മിനുക്കുകയാണ്. അഞ്ചു കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങളാണ് പൂത്തോളിലെ ആശുപത്രിയിൽ പുരോഗമിക്കുന്നത്. മൂന്നു ഘട്ടങ്ങളിലായി ജില്ലാ പഞ്ചായത്ത് 1.75 കോടി രൂപയാണ് ആശുപത്രിയുടെ വിപുലീകരണത്തിനായി അനുവദിച്ചിരിക്കുന്നത്. അഞ്ചു നിലകളിലായാണ് കെട്ടിടത്തിന്റെ പണി പുരോഗമിക്കുന്നത്. ജില്ലയിലെ വിവിധ കേന്ദ്രങ്ങളിൽ നിന്ന് റിപ്പോർട്ട് ചെയ്യുന്ന കേസുകൾക്ക് മെച്ചപ്പെട്ട പരിശോധന ഉറപ്പ് വരുത്തി ലാബ് സൗകര്യം ഇതിനോടകം തന്നെ സജ്ജമായിക്കഴിഞ്ഞു. ഹോമിയോപ്പതി ചികിത്സാ രംഗത്ത് കിട്ടാവുന്നതിൽ ഏറ്റവും നല്ല സേവനമാണ് ജില്ലാ കേന്ദ്രത്തിലുള്ളത്. രാവിലെ 9 മുതൽ 2 വരെയാണ് ഒ പി സമയം.

ജനറൽ ഒ പി, കിടത്തി ചികിത്സ, മിതമായ നിരക്കിലുള്ള ആധുനിക ലബോറട്ടറി സൗകര്യങ്ങൾ, അൾട്രാ സൗണ്ട് സ്കാനിങ് തുടങ്ങിയ സേവങ്ങൾ ഇവിടെ ലഭ്യമാണ്. കൂടാതെ പ്രതിരോധ മെഡിക്കൽ ക്യാമ്പുകളും സംഘടിപ്പിക്കുന്നു.

സ്ത്രീകളുടെ ശാരീരിക മാനസിക വൈകാരിക പ്രശ്നങ്ങൾക്ക് ഹോമിയോപ്പതിയിലൂടെ പരിഹാരം കണ്ടെത്തുന്നതിന് സീതാലയം സ്ത്രീ സ്വാന്തന ക്ലിനിക്ക് പ്രവർത്തിക്കുന്നു. ലഹരി വിമുക്തി ചികിത്സ ക്ലിനിക് എല്ലാ തിങ്കളാഴ്ചകളിലും പ്രവർത്തിക്കുന്നുണ്ട്. വന്ധ്യതാ നിവാരണ ചികിത്സാ ക്ലിനിക് ചൊവ്വ, വെള്ളി ദിവസങ്ങളിൽ പ്രവർത്തിക്കുന്നു. കുട്ടികളുടെ പെരുമാറ്റ സ്വഭാവ പ്രശ്നങ്ങൾ, പഠന വൈകല്യങ്ങൾ എന്നിവയ്ക്കായി സദ്ഗമയ ക്ലിനിക്ക്, ജീവിതശൈലി രോഗങ്ങളുടെ പ്രതിരോധത്തിനും നിയന്ത്രണത്തിനുമായി സമഗ്ര ചികിത്സാ പദ്ധതി ആയുഷ് ഹോളിസ്റ്റിക് സെന്ററിലെ സേവനങ്ങൾ എന്നിവയും ലഭ്യമാണ്. തൈറോയിഡ് പ്രശ്നങ്ങൾക്കുള്ള ഫലപ്രദമായ ചികിത്സയും ജില്ലാ ഹോമിയോ ആശുപത്രിയിലുണ്ട്. ഹോമിയോപ്പതിയുടെ കീഴിൽ ലഭ്യമാകുന്ന എല്ലാ സേവനങ്ങളും പൊതുജനങ്ങൾക്കായി ഒരു കുടക്കീഴിൽ കൊണ്ട് വരികയാണ് ജില്ലാ ഹോമിയോ ആശുപത്രിയുടെ ലക്ഷ്യമെന്ന് സൂപ്രണ്ട് എസ് സബിരാജ് പറഞ്ഞു. ഹോമിയോ ചികിത്സരീതിയിലേക്ക് എത്തുന്നവർക്ക് വേണ്ട സൗകര്യങ്ങളൊരുക്കുന്നതിനായി ജില്ലാ പഞ്ചായത്തിന്റെയും മറ്റ് വേണ്ടപ്പെട്ട അധികൃതരുടെയും ഭാഗത്തു നിന്ന് ലഭിക്കുന്ന സഹകരണം വളരെ വലുതാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

***ഫോട്ടോ അടിക്കുറിപ്പ്: ആധുനിക സൗകര്യങ്ങളോടെ തൃശൂർ ജില്ലാ ഹോമിയോ ആശുപത്രി***

# സാഗി ആദർശ ഗ്രാമമായി ചേർപ്പ് ഗ്രാമപഞ്ചായത്തിനെ ദത്തെടുത്ത് ടി എൻ പ്രതാപൻ എംപി

സൻസദ് ആദർശ് ഗ്രാമ യോജന (സാഗി) പദ്ധതിയുടെ ഭാഗമായി ഈ വർഷം ആദർശ ഗ്രാമമായി ചേർപ്പ് ഗ്രാമപഞ്ചായത്തിനെ ടി എൻ. പ്രതാപൻ എം. പി ദത്തെടുത്തു. ഇതിന്റെ പ്രാരംഭ നടപടികളെ കുറിച്ചുള്ള വിവിധ വകുപ്പുകളുടെ ജില്ലാതല ആലോചനായോഗം ജില്ലാ കളക്ടർ എസ്. ഷാനവാസിന്റെ അധ്യക്ഷതയിൽ കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേർന്നു.

സ്ഥിരം പദ്ധതികൾക്ക് പുറമെ ആദർശ ഗ്രാമമെന്ന നിലയിൽ എല്ലാ മേഖലകളിലും ചേർപ്പ് പഞ്ചായത്തിനെ മുൻ നിരയിലേക്ക് ഉയർത്തുന്നതിന് വേണ്ടിയുള്ള പദ്ധതികൾ ആസൂത്രണം ചെയ്യണമെന്ന് കളക്ടർ നിർദ്ദേശിച്ചു. കൂടാതെ ആദർശ ഗ്രാമമാക്കുന്നതിന്റെ ഭാഗമായി വിവിധ വകുപ്പുകളിലെ കുറവുകൾ കണ്ടെത്തി പരിഹരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതിന് മുൻതൂക്കം നൽകണമെന്നും അദ്ദേഹം വ്യക്തമാക്കി. യോഗത്തിൽ സാഗി പദ്ധതി ജില്ലാ നോഡൽ ഓഫീസർ സറീന എ. റഹ്മാൻ, ചേർപ്പ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സി. കെ. വിനോദ്, വൈസ് പ്രസിഡന്റ് പി. ടി. സണ്ണി, വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

***ഫോട്ടോ അടിക്കുറിപ്പ്: സാഗി പദ്ധതിയുടെ പ്രാരംഭ നടപടികളെ കുറിച്ച് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടന്ന ജില്ലാതല ആലോചനായോഗം***

# യോഗം 24 ന്

പിസി ആൻഡ് പിഎൻഡിറ്റി ജില്ലാതല അഡ്വൈസറി കമ്മിറ്റി യോഗം ജനുവരി 24 വൈകീട്ട് നാലിന് ജില്ലാ മെഡിക്കൽ ഓഫീസറുടെ ചേമ്പറിൽ ചേരും.

# ക്വട്ടേഷൻ

ചേലക്കര ഗവ. ആർട്സ് സയൻസ് കോളേജിൽ ഒരു വാട്ടർ കൂളർ ലഭ്യമാക്കുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചു. ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതി ജനുവരി 30 ഉച്ച 12 മണി. ഫോൺ: 04884 253090.

# തുടരും